**ഹുസൈൻ രണ്ടത്താണി**

## സൂഫികൾ നയിച്ച സ്വാതന്ത്ര്യ പോരാട്ടങ്ങൾ

കൊളോണിയൻ വിരുദ്ധ സമരങ്ങളിലും കർഷക പേരാട്ടങ്ങളിലും സൂഫികളുടെ പങ്ക് സുവിദിതമാണ്. കൊളോണിയലിസം അനുഭവിക്കേണ്ടി വന്ന ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിൽ പൊതുവേ സൂഫികൾ തന്നെയാണ് പ്രതിരോധങ്ങൾക്ക് നേതൃത്വം നല്കിയത്. പ്രാദേശിക രേഖകൾ അവലംബിച്ചു കൊണ്ടുള്ള ഗവേഷണങ്ങൾ സൂഫീ പോരാട്ടങ്ങളെ കുറിച്ച് പുതിയ അറിവുകൾ നല്കുന്നു. അൾജീരിയൻ പ്രദേശത്ത് ഫ്രഞ്ച് അധിനിവേശത്തിനെതിരെ നടക്കുന്ന മുസ്‌ലിം പ്രതിരോധത്തെ കുറിച്ച് അറിയാൻ ചെന്ന കാൾ മാക്സിനെ അവിടത്തെ സാധാരണക്കാരന്റെ പ്രതിരോധം അദ്ഭുതപ്പെടുത്തി. സാധാരണക്കാർ ചൂഷണത്തിനെതിരെ പ്രവാചകന്റെ സമത്വം ഉദ്ഘോഷിച്ച് കൊണ്ട് സമരം നടത്തുന്നു. ഫ്രഞ്ച് അധീശത്വത്തിനെതിരെ മുസ്‌ലിം പണ്ഡിതൻമാരും സൂഫികളും നടത്തുന്ന വിപ്ലവങ്ങളെ അദ്ദേഹം അഭിനന്ദിക്കുന്നു. റഷ്യക്കെതിരെ വിപ്ലവം നടത്താനുള്ള തുർക്കിയുടെ ശ്രമത്തെ വാഴ്ത്തിയ മാർക്സ് തന്നെ പറയുന്നുണ്ട്, ആ രാജ്യത്തിന് റഷ്യയിൽ മാത്രമല്ല; യൂറോപ്പിൽ തന്നെ വിപ്ലവം കൊണ്ടു വരാൻ കഴിയുമെന്ന്. റഷ്യയിലെ സാർ ചക്രവർത്തിക്കെതിരെയുള്ള യുദ്ധത്തിൽ തുർക്കി വിജയിച്ചതിന് പിന്നിൽ ബെക്തശി സൂഫികളുടെ സജീവ സാന്നിധ്യമുണ്ടായിരുന്നു. ''മുഹമ്മദിന്റെ മക്കൾ സാർ ചക്രവർത്തിമാർക്കും വഞ്ചകരായ ക്രിസ്ത്യാനികൾക്കും എതിരെ നടത്തുന്ന ആക്രമണങ്ങളിൽ തന്റെ ഭർത്താവ് സന്തോഷിച്ചിരുന്നതായി മാക്സിന്റെ ഭാര്യ പറയുന്നുണ്ട്. നില നില്പിനുള്ള പേരാട്ടത്തിൽ അറബികൾ ഏറെ മേന്മകൾ കൈവരിച്ചുവെന്നും അവർ ലോകത്തിന് തത്വചിന്തകൻമാരെയും പണ്ഡിതൻമാരെയും സംഭാവന ചെയ്തുവെന്നും മാക്സ് എഴുതി: ''യൂറോപ്യർ അവരുടെ അറിവില്ലായ്മ കൊണ്ട് ഈ യാഥാർഥ്യങ്ങളെ കരിതേച്ചു കാണിക്കുകയാണ്.'' ഇവർ ചരിത്രമെഴുതിയപ്പോൾ കുരിശുയുദ്ധങ്ങളടക്കമുള്ള മുസ്‌ലിം യുദ്ധങ്ങളിലെ അധ്യാത്മിക ശക്തിയെ മറച്ചു വയ്ക്കുകയോ വക്രീകരിക്കുയോ ചെയ്തു.

### അൾജീരിയ

ഒന്നാം ലോക യുദ്ധത്തിന് ശേഷം സാമ്രാജ്യത്വ ശക്തികളായ യൂറോപ്യർ അറബ് ലോകത്തെ പങ്കിട്ടെടുത്തല്ലോ. ഏഴ് യൂറോപ്യൻ രാജ്യങ്ങൾ വിവിധ അറബ്ദേശങ്ങളെ തങ്ങളുടെ വരുതിയിലാക്കി. മുഖ്യമായും ഇംഗ്ലണ്ടും ഫ്രാൻസും തന്നെ. നിരന്തരമായ സമരത്തിലൂടെയാണ് ഈ പ്രദേശങ്ങൾ സാമ്രാജ്യത്വത്തെ തുരത്തിയത്. ഈ സമരങ്ങൾക്ക് നേതൃത്വം നല്കിയത് മുഖ്യമായും മുസ്‌ലിം പണ്ഡിതൻമാരും സൂഫികളുമാണ്. ഈ സമരങ്ങളിൽ സൂഫി തരീഖകൾ (സംഘം/മാർഗം)സജീവമായിരുന്നു. അൾജീരിയയിൽ ഖാദിരി തരീഖയുടെ ഗുരു സൂഫി അബ്ദുൽ ഖാദിറാണ് ഫ്രാൻസിനെതിരെ സമരങ്ങൾക്ക് നേതൃത്വം കൊടുത്തത്. ലോകത്തിന്റെ നാനാ ഭാഗത്ത് നിന്നും വിപ്ലവത്തിനനുകൂലമായ ഫത്‌കൾ ശേഖരിച്ച് കൊണ്ടാണ് അദ്ദേഹം ശിഷ്യൻമാരോടൊപ്പം സമരത്തിനിറങ്ങുന്നത്. ശക്തമായ സൈനിക വിന്യാസത്തിലൂടെയാണ് അബ്ദുൽ ഖാദറിനെ ഫ്രാൻസ് പരാജയപ്പെടുത്തിയത്. ജയിൽ വാസക്കാലത്ത് അദ്ദേഹം നിരവധി ലഘുലഖകൾ സൂഫിസത്തെ രചിച്ചു. സുഡാനിൽ വിപ്ലവത്തിന് നേതൃത്വം കൊടുത്ത ഉമർ ബിൻ സഈദ് അൽഫൂതി, തിജാനി സൂഫി തരീഖയുടെ ഗുരുവാണ്. മൊറോക്കോയിൽ ഖാദിരി സൂഫികളായ സീതി മുഹമ്മദ്, അഹ്മദ് അൽ ഹിബാ എന്നിവർ സാമ്രാജ്യത്വ വിരുദ്ധ പോരാട്ടങ്ങളിൽ രക്ത സാക്ഷിത്വം വരിച്ചു. ലിബിയയിൽ ഇററലിക്കെതിരെ അണി നിരന്നത് സനൂസി സൂഫി മാർഗക്കാരാണ്. നേതൃത്വം കൊടുത്തത് ഈ തരീഖയുടെ സ്ഥാപകന്റെ പൗത്രൻ അൽ ശരീഫ്. പിന്നീട് മുഹമ്മദ് ഇദ്‌രീസ് സനൂസിയും ഉമർ മുഖ്താറും സമരം തുടർന്നു. സൂഫി ഗുരുവായ ഉമർ മുഖ്താർ ഇരുപത് വർഷം പൊരുതി. യുദ്ധത്തിൽ മുറിവേററ മുഖ്താറിനെ ഇററലിയൻ സൈന്യം പിടിച്ച് തൂക്കിക്കൊല്ലുകയായിരുന്നു. യൂറോപ്പിൽ മരുഭൂമിയുടെ സിംഹം എന്നാണദ്ദേഹം അറിയപ്പെട്ടത്. ഉത്തരാഫ്രിക്കയിൽ സ്പാനിഷ് ആധിപത്യത്തിനെതിരെ പൊരുതിയ സൂഫി മുഹമ്മദ് അബ്ദുൽ കരീമും സനൂസി മാർഗക്കാരനാണ്.

ആന്വലിൽ വച്ച് 1921ൽ നടന്ന യുദ്ധത്തിൽ 19000 സ്പാനിഷ് സൈനികരെ കരീമിന്റെ നേതൃത്വത്തിൽ വധിച്ചുവെന്നാണ് പറയുന്നത്.

**റഷ്യ**

1800 കളുടെ അവസാനത്തിൽ കൊക്കാസസ് പ്രദേശത്ത് സാർ ചക്രവർത്തിമാർക്കെതിരെ നടത്തിയ വിപ്ലവത്തിന് നേതൃത്വം കൊടുത്തത് നഖ്ശ ബന്ദി, ഖാദിരി സൂഫികളാണ്. 1791ൽ മരണപ്പെട്ട ചെച്നിയൻ ഗുരു മൻസൂർ ഉശുർമയാണ് ഈ പ്രതിരോധങ്ങൾക്ക് തുടക്കമിടുന്നത്. ദാഗിസ്ഥാനിൽ ഇമാം ഗാസി മുഹമ്മദ്, ഹംസത് ബെക്, ഗാസി മുല്ല, ഇമാം ഷാമിൽ എന്നിവരാണ് പോരാട്ടം സംഘടിപ്പിച്ചത്. ഇവരുടേത് മുരീദീൻ പ്രസ്ഥാനം എന്നറിയപ്പെട്ടു. മധ്യേഷ്യയിൽ തന്നെ ശൈഖ് ഖുന്ദാ ഹാജിയുടെ നേതൃത്വത്തിലുള്ള ഖാദിരി ദിക്‌രിസ്‌റ്റ് (ദിക്‌രിസം)സൂഫികൾ നിരന്തരമായ ദൈവ നാമ ജപങ്ങൾ വഴി ജനങ്ങളിൽ പ്രതിരോധ ശക്തി വളർത്തിയിരുന്നു. ദാഗിസ്ഥാനിലും ഫർഗാനയിലും നഖ്ശബന്ദി സൂഫീ വിഭാഗങ്ങളായ മുജദ്ദിദി, ഖാലിദി വിഭാഗങ്ങൾ പ്രതിരോധം തീർത്തു. ശൈഖ് ഖാലിദ് ഷഹ്റാസൂരിയാണ് ഇതിന് നേതൃത്വം നല്കിയത്. സാർ റഷ്യക്കെതിരെ നടന്ന ബോൾഷെവിക് വിപ്ലവത്തിലും നഖ്ശബന്ദികളുണ്ടായിരുന്നു. പിന്നീട് സ്‌റ്റാലിന്റെ കാലത്ത് സോവിയറ്റ് റഷ്യക്കെതിരെ നടന്ന സമരങ്ങളിലും ഇവർ നേതൃ പാടവം തെളിയിച്ചു. ഇവരുടെ ഗറില്ലാ യുദ്ധ പാടവത്തെ ചരിത്രകാരൻമാർ അഭിനന്ദിക്കുന്നു. അൾജീരിയിലെ അബ്ദുൽ ഖാദറിനെ ഹജ്ജ് വേളയിൽ സന്ദർശിച്ച് ഉപദേശങ്ങൾ തേടിയിരുന്നു ഷാമിൽ.

**കിഴക്കനാഫ്രിക്ക**

കിഴക്കൻ ആഫ്രിക്കയിലെ കോളണി വിരുദ്ധ സമരങ്ങളും സൂഫികളാണേറ്റെടുത്തത്. ഖാദിരിയ-സാലിഹിയ്യ ത്വരീഖയുടെ കീഴിൽ സയ്യിദ് മുഹമ്മദ് അബ്ദുല്ലാ ഹസനും (സോമാലിയ) അദ്ദേഹത്തിന്റെ ദർവേശ് പോരാളികളും യൂറോപ്യരെ ഏറെകാലം പ്രതിരോധിച്ചു. ഖാദിരിയ ഗുരു ഉവൈസ് അൽബറാവിയാണ് മറ്റൊരു സമര നേതാവ്. മൊഗാദിഷു, സോമാലിയ, കെനിയ, സുഡാൻ, ടാൻസാനിയ, സൻസിബാർ എന്നിവിടങ്ങൾ ശൈഖ് ഹസന്റെ പോരട്ടത്തിന് വേദിയായി. അൽബറാവിയുടെ ശ്രംഖല കിഴക്കൻ ആഫ്രിക്കയിലെങ്ങും വ്യാപിച്ചിരുന്നു. ജർമനിയുടെയും ഇംഗ്ലണ്ടിന്റേയും കീഴിലായിരുന്നു കിഴക്കൻ ആഫ്രിക്കയുടെ വലിയൊ ഭാഗം. വളരേ ക്രൂരമായാണ് അവർ പോരാട്ടങ്ങളെ അടിച്ചമർത്തിയത്. ഇതിൽ ഏററവും കുപ്രസിദ്ധമാണ് മാജി മാജി കൂട്ടക്കൊല. ''ദിക്ർ ഡാൻസു''കളിലൂടെ ഒരു പ്രത്യേക അവസ്ഥയിലെത്തുമ്പോഴാണ് ദർവേശുകൾ ശക്തി പ്രാപിക്കുന്നതെന്നും അതിനാൽ ഈ നൃത്തങ്ങൾ നിറുത്തണമെന്നും 1909ൽ കിഴക്കനാഫ്രിക്കയിലെ ജർമൻ ഗവർണർ വോൺ റിക്കൻ ബർസ് നിർദേശിച്ചു. സെനിഗലിലെ ഫ്രഞ്ച് അധിനിവേശത്തിനെതിരെ രംഗത്ത് വന്നത് സൂഫീ ഗുരുവായ ശൈഖ് അഹ്മദ് ബംബയാണ്.

ഇന്തോനേഷ്യയിൽ ഡച്ച് അധിനിവേശത്തിനെതിരെ ഖാദിരി, നഖ്ശ ബന്ദി, ശത്താരി സൂഫീ തരീഖകൾ പോരാട്ട രംഗത്ത് വന്നു. ഈ തരീഖകൾക്ക് പൊതു ജനങ്ങളിൽ വലിയ സ്വാധീനമുണ്ടായിരുന്നു. രക്തസാക്ഷികളെ വർണിക്കുന്ന ലഘു ലേഖകൾ ഇവർ യുദ്ധ സമയത്ത് രാജ്യമെങ്ങും വിതരണം ചെയ്തിരുന്നു. ഇരുപത് വർഷത്തോളം ബ്രിട്ടീഷ്, ഇററാലിയൻ, എത്യോപ്യൻ സൈന്യത്തെ നേരിട്ട സൂഫി ഗുരുവാണ് മുഹമ്മദ് അബ്ദുല്ലാ ഹസൻ (മരണം.1920). മുരീദിയ എന്നാണ് തന്റെ തരീഖ അറിയപ്പെട്ടത്. സുമാത്രയിൽ ഡച്ചു സർക്കാറിനെ തുരത്തിയത് സൂഫികളുടെ കീഴിലുള്ള പേരാട്ടങ്ങളാണ്.

**ഇന്ത്യയിൽ**

ഇന്ത്യയിൽ കൊളോണിയൻ വിരുദ്ധ സമരത്തിന്റെ തുടക്കം മലബാറിലാണ്. പറങ്കികൾക്കെതിരെയുള്ള ചെറുത്തു നില്പിന് ശൈഖ് സൈനുദ്ദീൻ മഖ്ദൂം കബീർ ആണ് തുടക്കം കുറിച്ചത്. മഖ്ദൂം കുടുംബം മുഖ്യമായും ഖാദിരീ തരീഖയുടെ ഗുരുവര്യൻമാരാണ്. ശൈഖ് ഖുതുബുദ്ദീനിൽ നിന്ന് ഖാദിരീ ചിശ്തീ മാർഗങ്ങളിൽ പ്രാതിനിധ്യം ലഭിച്ച മഖ്ദൂം മലബാറിൽ ഖാദിരീ മാർഗത്തിലൂടെ

മുസ്‌ലിം സമൂഹങ്ങളുടെ കൂട്ടായ്മ സൃഷ്ടിച്ചെടുത്തു. സമ്പന്നരും, സാധാരണക്കാരും പണ്ഡിതൻമാരും ഒരുമിച്ചു. എല്ലാ വിഭാഗങ്ങളേയും നേതൃത്വത്തോടടുപ്പിക്കാനുള്ള പാലമായി സൂഫി തരീഖകൾ പ്രവർത്തിച്ചു. ആത്മീയ ബോധത്തിലൂടെ ഐക്യ നേതൃത്വത്തിലുള്ള വിശ്വാസവും ഊട്ടിയുറപ്പിക്കപ്പെട്ടു. മരണത്തിനപ്പുറം സ്വർഗരാജ്യമെന്ന വിശ്വാസം ദൃഢീകരിക്കാൻ തരീഖകൾ വഴിയുള്ളസ്ത്രോത്രങ്ങളും കീർത്തനങ്ങളും സഹായകമായി. മത പ്രബോധനത്തിനും ഈ ബന്ധങ്ങൾ സഹായിച്ചജ്ജ. മരയ്ക്കാർമാർ  മഖ്ദൂം വഴിയാണ് പ്രവർത്തിച്ചത്. അവരുടെ ഇഷ്ടപ്രകാരം കൂടിയാണ് അവർ കൊച്ചിയിലും പൊന്നാനിയിലും എത്തിയത്. ഇവർ നല്കിയിരുന്ന രക്ഷകളും അയ്ക്കല്ലും നൂലുകളും മരയ്ക്കാർമാർ ശരീരത്തിലണിയുമായിരുന്നു. ഏത് കർമങ്ങൾക്കും അനുഗ്രഹം വാങ്ങുമായിരുന്നു.  മുസ്‌ലിംകളെല്ലാം ഈ വഴി പിന്തുടർന്നു. മഖ്ദൂമുമാർ തങ്ങളുടെ യുദ്ധ സന്ദേശങ്ങളും ആത്മീയ ശിഷ്യൻമാർ വഴിയാണ് പ്രചരിപ്പിച്ചത്. ഇവരുടെ ആത്മീയ ശക്തിയാണ് നൂറ് വർഷം നീണ്ട പറങ്കി പ്രതിരോധത്തിന് മാപ്പിളമാരെ പ്രാപ്തമാക്കിയത്.

ബ്രിട്ടീഷുകാർക്കെതിരെ മരണം വരെ പൊരുതിയ  ടിപ്പു സുൽതാന്റെ ജനനം തന്നെ ആർക്കോട്ടിലെ ടിപ്പു സുൽതാൻ വലി എന്ന പുണ്യവാളനുമായി  ബന്ധപ്പെട്ടതാണ്. ടിപ്പു സുൽതാൻ വിവിധ സൂഫികളുമായി സ്ഥിരം ബന്ധപ്പെട്ടിരുന്നു. ജീവിതം നിറയെ സൂഫീ വിശ്വാസങ്ങൾ പുലർത്തിയ ടിപ്പു ഹസ്രത് അലിയുടെ സൂഫീ ധാരയിൽ ആകൃഷ്ടനായിരുന്നു. സിംഹത്തോടുള്ള അദ്ദേഹത്തിന്റെ സ്നേഹം തന്നെ അലിയുമായി ബന്ധപ്പെട്ടതാണ്. അലി മദദ് എന്ന് അദ്ദേഹം തന്റെ വാളുകളിൽ കൊത്തി വച്ചിരുന്നു. വിവിധ ദർഗകളിൽ ചെന്ന് അദ്ദേഹം പ്രസാദങ്ങൾ (ബറക) സ്വീകരിച്ചു. പുലി നഖം കൊണ്ടും വെള്ളികൊണ്ടുമുള്ള ഐക്കല്ലുകൾ ധരിച്ചു പോന്നു. തരീഖ പ്രകാരമുള്ള പ്രത്യേക ദൈവ മന്ത്രങ്ങൾ അദ്ദേഹം പതിവാക്കിയിരുന്നു. തന്റെ വിജയം ഹസ്രത് അലിയുടെ സാന്നിധ്യ ഫലമാണെന്ന് അദ്ദേഹം വിശ്വസിച്ചു.

ഉത്തരേന്ത്യയിൽ ബ്രിട്ടീഷ് വിരുദ്ധ സമരങ്ങൾ തുടങ്ങുന്നത്  ഷാ വലിയുല്ലാഹിദ്ദഹ്‌ലവിയുടെ പുത്രൻ ഷാ അബ്ദുൽ അസീസ് രാജ്യം ദാറുൽ ഹർബ് (യുദ്ധമഭൂമി)യാണെന്ന് പ്രഖ്യാപിച്ചതോടെയാണ്. വലിയുല്ലാഹിയുടെ കുടുംബം മുഖ്യമായും നഖ്ശ ബന്ദി സൂഫീ മാർഗമാണ് പ്രചരിപ്പിച്ചത്. ഷാ അസീസിന്റെ ശിഷ്യൻ സയ്യിദ് അഹ്മദ് ഷഹീദാണ് വിഖ്യാതമായ മുജാഹിദീൻ പ്രസ്ഥാനത്തിന് തുടക്കമിടുന്നത്. സിക്കുകാർക്കും ബ്രിട്ടീഷുകാർക്കമെതിരെ യുദ്ധം നയിച്ച സയ്യിദ് അഹ്മദ് മുഹമ്മദീ തരീഖയിലൂടെയാണ് യുദ്ധങ്ങൾ നയിച്ചത്. നഖ്ശബന്ദീ തരീഖയുടെ ഉപ വിഭാഗമാണ് മുഹമ്മദിയ്യ. ഇത് മുസ്‌ലിംകളെ സംസ്കരിക്കാന്നും ഒന്നിപ്പിക്കാനും വഴി തുറന്നു. മുസ്‌ലിം നാട്ടു രാജ്യങ്ങളിലെ പട്ടാളക്കാർ അദ്ദേഹത്തിന്റെ മുരീദു (ആത്മീയ ശിഷ്യൻമാർ)മാരായിരുന്നു. അദ്ദേഹം ചെല്ലുന്ന സ്ഥലങ്ങളിൽ ജനങ്ങൾ കൂട്ടത്തോടെ  തന്റെ  തരീഖയിൽ ബൈഅത്ത് (തരീഖയിൽ അംഗമാവുക) ചെയ്യാൻ വരുമായിരുന്നു. എല്ലാവർക്കും കൈ കൊടുക്കാൻ കഴിയാതെ വരമ്പോൾ  അദ്ദേഹം തന്റെ ഷാൾ എറിഞ്ഞു കൊടുക്കും. അതിൽ സ്പർശിക്കുന്ന  എല്ലാവർക്കും ശിഷ്യത്വം നല്കി. തന്റെ യുദ്ധങ്ങൾ ഉത്തരേന്ത്യയിലെങ്ങും പടർന്നു. പിൻഗാമികളായ വിലായത് അലി ഇനായത് അലി, യഹ്‌യ അലി എന്നിവരും ഇതേ മാർഗത്തിൽ രക്തസാക്ഷികളായി. സിതാനയിൽ ഭരണം സ്ഥാപിച്ച് തന്റെ മുരീദുമാരെ സയ്യിദ് അഹ്മദ് വിവിധ സ്ഥലങ്ങളിൽ ഖലീഫമാരാക്കി. അവരാണ് ഭരണം നിർവഹിച്ചത്. സയ്യിദ് അഹ്മദിന്റെ മുജാഹിദീൻപ്രസ്ഥാനമാണ് യഥാർഥത്തിൽ 1857ലെ സ്വാതന്ത്ര്യ സമരത്തിന് കരുത്ത് പകർന്നത്.  ബംഗാളിൽ സമീന്ദാർമാർക്കെതിരെ പട നയിച്ച  ഹാജി ശരീഅത്തുല്ലയും തന്റേതായ സൂഫീമാർഗമാണ്  യുദ്ധത്തിന് സ്വീകരിച്ചത്. ബ്രിട്ടീഷുകാർ ഇന്ത്യയിൽ നിന്ന് പോകുവ് വരെ നിർബന്ധ അനുഷ്ഠാനങ്ങളൊന്നും ചെയ്യേണ്ടതില്ലെന്ന വിചിത്ര വാദങ്ങളും അദ്ദേഹം ഉന്നയിച്ചിരുന്നത്രേ. ശരീഅത്തുല്ലയുടെ രക്തസാക്ഷിത്വത്തിന് ശേഷം ശിഷ്യൻമാരും ഭൂപ്രഭു-ബ്രിട്ടീഷ് കൂട്ടുകെട്ടിനെതിരെ പടനയിച്ചു.

1857ന് മുമ്പ്തന്നെ ബംഗാളിൽ ബ്രിട്ടീഷുകർക്കെതിര സൂഫികളും സന്യാസികളും ഒരുമിച്ച് സമര രംഗത്തിറങ്ങിയിരുന്നു. ഫഖീർ സന്യാസി പ്രസ്ഥാനം എന്നാണിതറിയപ്പെട്ടത്. സൂഫി മജ്നൂൻ ഷാ ബുർഹാൻ ആണ് ഇതിന് നേതൃത്വം നല്കിയത്. അദ്ദേഹം പല സ്ഥലത്തും ബ്രിട്ടീഷുകാരെ പരാജയപ്പെടുത്തി. ഇദ്ദേഹത്തെ തുടർന്ന് മുരീദുമാരായ ഫെറാഗുൽ ഷായും ചിറാഗലി ഷായും യുദ്ധം

തുടർന്നു. സുബ്ഹാനലി, അമൂദി ഷാ, മുതീഉ ഷാ എന്നീ സൂഫികളും ബംഗാളിൽ നടന്ന യുദ്ധങ്ങളിൽ മരണം വരിച്ചു. ഒന്നാം സ്വാത്രന്ത്യ സമരത്തിൽ സൂഫികളുടേയും മത പഡിതൻമാരുടേയും സൂഫികളുടേയും പങ്ക് ശ്രദ്ധേമയമാണ്. സമരം കക്തമാക്കുന്നതിൽ ഗാസികളെന്നറിയപ്പെട്ടുന്ന മുസ്‌ലിം യോദ്ധാക്കൾ ബ്രിട്ടീഷുകാരുടെ പേടി സ്വപ്നമായിരുന്നു. ഇവരുടെ കക്ടയ പററി മരണത്തെ കുറിച്ചുള്ള ഭയമില്ലായ്മയെകുറിച്ചും ബ്രിട്ടീഷ് ചരിത്രകാരൻമാർ തന്നെ പറയുന്നു. വെളുത്ത വസ്ത്രം ധരിച്ച ഗാസിമാർ പ്രവാചക സ്തുതികൾ ആലപിച്ച് ബ്രിട്ടീഷുകാരെ അരിഞ്ഞു വീഴ്ത്തുന്ന സംഭവങ്ങൾ ഉർദു സാഹിത്യത്തിൽ വായിക്കാം. മരിക്കാൻ വേണ്ടി ശപഥമെടുത്ത ഗാസിമാർ മരിക്കുന്നത് വരെ യുദ്ധം ചെയ്യുമെന്നും തോല്ക്കുമെന്നുറപ്പായാലും യുദ്ധക്കളം വിടില്ലെന്നും ബ്രിട്ടീഷ് സേനാപതിയുടെ ഒർമക്കുറിപ്പ്. നിരവധി സൂഫി പണ്ഡിതൻമാർ സമരരംഗത്ത് നിറഞ്ഞുനിന്നു. നഖ്ശ ബന്ദി സൂഫിയും പണ്ഡിതനുമായ ഫസ്‌ലുൽ ഹഖ് ഖൈറാബാദി, സൂഫി അഹ്മദുല്ലാ ഷാ, മൗലവി സർഫറാസ് അലി, മൗലവി ലിയാഖത് അലി, ഇമാം ബക്ഷ് സഹബായി തുടങ്ങിയവർ പ്രധാനികൾ. കലാപത്തിന്റെ ഉത്തരവാദിത്തം മുഴുവൻ മുസ്‌ലിംകളുടെ തലയിലാണ് ബ്രിട്ടീഷുകാർ കെട്ടി വച്ചത്.

പഞ്ചാബിൽ ഇരുപതാം നൂററാണ്ടിന്റെ ആദ്യത്തിൽ സ്വാതന്ത്രത്തിന് വേണ്ടി ജീവൻ ത്യജിച്ച സൂഫി ഗുരുവാണ് അംബ പ്രസാദ്. അദ്ദേഹം ഇന്ത്യക്ക് പുറത്തും ബ്രിട്ടീഷ് വിരുദ്ധ സമരങ്ങളിൽ മുഴുകി. അവസാന കാലത്ത് ഇറാനായിരുന്നു പ്രവർത്തന കേന്ദ്രം. പലയിടത്തും ബ്രിട്ടീഷുകാർക്കെതിരെ അംബ പ്രസാദും ശിഷ്യൻമാരും ഏററു മുട്ടി. ഷിറാസിൽ വച്ച് ബ്രിട്ടീഷുകാർ അദ്ദേഹത്തെ പിടികൂടി. ജയിലിലാക്കിയതിന്റെ പിറേറ ദിവസം മരണപ്പെട്ടു. ഖിലാഫത് സമരങ്ങളിലും അതോടനുബന്ധിച്ച് ഇന്ത്യയുടെ പല ഭാഗത്ത് നടന്ന കർഷക സമരങ്ങളിലും പ്രാദേശികരായ പണ്ഡിതൻമാരും സൂഫികളും പ്രവർത്തന നിരതരായി. ഒന്നാം സ്വാതന്ത്ര്യ സമര കാലത്ത് തന്നെ ദിയോബന്ദ് പ്രസ്ഥാനം സ്വാതന്ത്ര്യ സമരത്തിൽ സജീവമായിരുന്നു. ദിയോബന്ദി പണ്ഡിതൻമാർ പൊതു ജനങ്ങളിൽ സ്വാധീനം ചെലുത്തിയത് നഖ്ഷബന്ദി സൂഫീ മാർഗത്തിലൂടെയായിരുന്നു. ദിയോബന്ദ് ദാറുൽ ഉലൂം സ്ഥാപകൻ മുഹമ്മദ് ഖാസിം നാനൂതവി, സൂഫി ഗുരു ഇമാദുല്ലാ മുഹാജിർ മക്കി, ശിഷ്യൻമാരായ റഷീദ് അഹ്മദ് ഗങ്കോഹി, മുഹമ്മദ് യാഖൂബ് നാനൂതവി എന്നിവരുടെ നേതൃത്വത്തിൽ താനാ ഭവനിൽ വച്ച് ബ്രിട്ടീഷുകാരോടേററു മുട്ടി. ഇത് ഷാമിൽ യുദ്ധം എന്നറിയപ്പെടുന്നു. 1913ൽ നാനൂതവിയുടെ ശിഷ്യൻ മഹ്മൂദ് ഹസൻ ഇന്ത്യൻ സ്വാതന്ത്ര്യസമര രംഗത്ത് ശ്രദ്ധേയനായി. നാനാ തുറകളിലുമുള്ള നിരവധി പേർ മഹ്മൂദ് ഹസന്റെ ആത്മീയ ശിഷ്യത്വം സ്വീകരിച്ചിരുന്നു. ഹുസൈൻ അഹ്മദ് മദനി, മുഹമ്മദ് അസദ് മദനി തുടങ്ങിയ തന്റെ ശിഷ്യൻമാരും സമര രംഗത്ത് സജീവമായി. മഹ്മൂദ് ഹസന്റെ ശിഷ്യൻ ഉബൈദുല്ലാ സിന്ധി അതിർത്തി പ്രവിശ്യകളിൽ സമര രംഗത്ത് സജീവമായി അഫ്ഗാനിസ്ഥാനിൽ ഇന്ത്യക്ക് വേണ്ടി സ്ഥാപിച്ച വിപ്രവാസ സർക്കാറിൽ ഫിനാൻസ് മിനിസ്ററർ കൂടിയായിരുന്നു അദ്ദേഹം. രാജാ മഹേന്ദ്രപ്രതാപായിരുന്നു പ്രസിഡന്റ്. മഹ്മൂദ് ഹസനൊപ്പം അഫ്ഗാനിൽ ചേന്ന് ഇന്ത്യക്കെതിരെ യുദ്ധം ചെയ്യാൻ ആസൂത്രണങ്ങളുണ്ടാക്കി. മഹ്മൂദ് ഹസൻ ജർമനിയുമായി ബന്ധപ്പെട്ടു. ഖിലാഫത് പ്രസ്ഥാനത്തിന്റെ മറെറാരു നേതാവ് അബ്ദുൽ ബാരി ഫിറങ്കി മഹലി ചിശ്തി ഖാദിരി തരീഖകളുടെ ഖലീഫ ഗുരുവായിരുന്നു. ഭൗതിക രംഗത്തുള്ള തന്റെ മുരീദുമാരാണ് എം.എ. അൻസാരി, മൗലാനാ മുഹമ്മദലി, മൗലാനാ ഷൗക്കത്തലി, ഹകീം അജ്മൽ ഖാൻ തുടങ്ങിവർ.പണ്ഡിററ് നെഹ്റു ദിയോബന്ദ് സന്ദർശിച്ച വേളയിൽ പറഞ്ഞത് ശ്രദ്ധേമയമാണ്: 'ദിയോബന്ദിന്റെ ഓരോ മണൽ തരിയും എനിക്ക് സുറുമ പോംലയാണ്. രാജ്യത്തെ സതന്ത്രമാക്കുന്നതിൽ ഈ പ്രസ്ഥാനവും പണ്ഡിതൻമാരും വഹിച്ച പങ്ക് അവഗണിക്കാനാവില്ല. '